# മലയാളഭാഷാസൂത്രണവും സാങ്കേതികപദരൂപീകരണവും

ഡോ. സീന ജോൺ
മാർ അത്തനേഷ്യസ് കോളേജ്, കോതമംഗലം.

**പ്രബന്ധസംഗ്രഹം**

മലയാളഭാഷാസൂത്രണപ്രക്രിയയിൽ സാങ്കേതികപദപരമായ ചർച്ചകളും അവയുടെ രൂപീകരണനയവും ഇടപെട്ടതെങ്ങനെയെന്ന് അന്വേഷിക്കാനാണ് ഈ പ്രബന്ധം ശ്രമിക്കുന്നത്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപനത്തോടെ പൊതുസ്വഭാവം കൈവരിക്കുകയും തുടർന്ന് നിരവധി വിമർശനങ്ങൾക്കും പുനർവിചിന്തനങ്ങൾക്കും ഇടനല്കുകയും ചെയ്ത സാങ്കേതികപദരൂപീകരണനയം ഇന്ത്യയുടെ തന്നെ ഭാഷാനയത്തിന്റെ ഭാഗമാണെന്ന് ഈ പഠനം തിരിച്ചറിയുന്നു. ഔദ്യോഗികാസൂത്രണത്തേക്കാൾ അനൗദ്യോഗികവും വ്യക്തിപരവുമായ ശ്രമങ്ങളാണ് സാങ്കേതികപദനയരൂപീകരണത്തിൽ നിർണ്ണായകമായിത്തീർന്നത്. സമകാലിക ഭാഷാവിചാരങ്ങളെ മുൻനിറുത്തി ഈ ശ്രമങ്ങളെ വിശകലനം ചെയ്യുമ്പോൾ അനൗദ്യോഗിക ശ്രമങ്ങൾ കുറേക്കൂടി മാതൃഭാഷോന്മുഖമായിരുന്നു എന്ന തിരിച്ചറിവും പ്രബന്ധം നൽകുന്നു.

**താക്കോൽവാക്കുകൾ**

സാങ്കേതികപദപഠനം, സാങ്കേതികപദം, ഭാഷാസൂത്രണം, സാങ്കേതികപദരൂപീകരണം, ഭാഷാനയം.

മലയാളഭാഷാസംബന്ധിയായ ചർച്ചകളിൽ വളരെ പ്രാധാന്യത്തോടെ നിലനിൽക്കേണ്ട വിഷയങ്ങളാണ് ഭാഷാസൂത്രണവും സാങ്കേതികപദപഠനവും. രാജ്യങ്ങൾ വളരെ കൗതുകത്തോടെ നോക്കിക്കാണുകയും തുടർപഠനങ്ങളിൽ

ഏർപ്പെടുകയും ചെയ്യുന്ന ജ്ഞാനപദ്ധതികളാണിവ. ആഗോളഗ്രാമം എന്ന നിലയിൽ ലോകം മാറിയിരിക്കുന്ന ഈ ഘട്ടത്തിൽ ഭാഷയുടെ മാത്രമല്ല സമൂഹത്തിന്റെ തന്റെ നിലനിൽപ്പിന് ഈ രണ്ട് മേഖലയിലുമുള്ള ആഴത്തിലുള്ള പഠനങ്ങൾ ആവശ്യമാണ്. അന്താരാഷ്ട്ര വാണിജ്യബന്ധങ്ങൾ, സാങ്കേതികവിനിമയങ്ങൾ, രാജ്യാന്തരകരാറുകൾ, ഇംഗ്ലീഷ് ഭാഷയുടെ അതിയായ സ്വാധീനം എന്നിവ നിലനിൽക്കുന്ന സാഹചര്യത്തിൽ ഓരോ ഭാഷയെയും ആഗോളഭാഷയാക്കി മാറ്റേണ്ടത് അത്യാവശ്യമാണ്. ഇത്തരമൊരു പദവി ഓരോ ഭാഷയ്ക്കും ലഭിക്കണമെങ്കിൽ ഫലപ്രദമായ ഭാഷാസൂത്രണം അനിവാര്യമാണ്.

മലയാളം ഏറെ ആശങ്കപ്പെടുന്നതും ആവശ്യപ്പെടുന്നതുമായ ജ്ഞാന പദ്ധതികളാണ് സാങ്കേതികപദപഠനവും ഭാഷാസൂത്രണവും. ഇന്ത്യ സ്വതന്ത്രയാകുന്നതിനു നൂറ്റാണ്ടുകൾക്ക് മുൻപുതന്നെ മലയാളഭാഷാസൂത്രണശ്രമങ്ങൾ ആരംഭിച്ചു എന്നു പറയാം.[1] അതിനെത്തുടർന്ന് ഈ ശ്രമങ്ങളെ ത്വരിതപ്പെടുത്തുന്ന തരത്തിൽ സാങ്കേതികപദ രൂപീകരണ ശ്രമങ്ങളും അതിനാധാരമായ തത്വങ്ങൾ രൂപീകരിച്ചെടുക്കാനുള്ള ശ്രമങ്ങളും മലയാളത്തിലും നടക്കുന്നുണ്ട്. ഇന്ത്യൻ സാഹചര്യത്തിലെ സാങ്കേതികപദാന്വേഷണങ്ങൾക്ക് വേദകാലത്തോളം പഴക്കമുണ്ടെന്ന് യാസ്കനിരുക്തോപക്രമത്തിന്റെ ആമുഖത്തിൽ സൂചനയുണ്ട്. (നരേന്ദ്രഭൂഷൺ, 2004: xiv). എന്നാൽ ഭാഷാസൂത്രണവും സാങ്കേതികപദപഠനവും സവിശേഷപഠനശാഖയായി വളർന്നുവന്നത് സമീപകാലത്താണ്. കാര്യക്ഷമമായ ഭാഷാസൂത്രണത്തിന് സാങ്കേതികപദങ്ങൾ അനിവാര്യമാണ്. കൃത്യമായ സാങ്കേതികപദനയം ഭാഷാസൂത്രണത്തിന് സഹായകമാവുകയും അതുവഴി ഭാഷാനയത്തെ സ്ഥാപിച്ചെടുക്കുകയു ചെയ്യുന്നു. ഈ രണ്ട് പഠനശാഖകളും പരസ്പരപൂരകങ്ങളാണ്. ഇവയുടെ രൂപീകരണവും ഏകദേശം സമാനകാലഘട്ടത്തിലാണ് സംഭവിക്കുന്നത്. 1959-ൽ അമേരിക്കൻ നോർവീജിയൻ സാമൂഹ്യശാസ്ത്രജ്ഞനായ ഈനൻ ഹോഗനാണ് ഭാഷാസൂത്രണം (language planning) എന്ന പദം സവിശേഷമായ അർത്ഥത്തിൽ ഉപയോഗിക്കുന്നത്. പതിനാറാം നൂറ്റാണ്ടുമുതൽ ടെർമിനോളജി (Terminology) എന്ന പദം യൂറോപ്യൻ ഭാഷകളിൽ നിലനിൽക്കുന്നുണ്ടെങ്കിലും 1930-കളിൽ വിയന്നയിലെ വോസ്റ്ററിന്റെ പഠനങ്ങളിലൂടെയാണ് സാങ്കേതികപദപഠനം എന്ന വിജ്ഞാനശാഖയെക്കുറിച്ചുള്ള ആദ്യ ആലോചനകൾ രൂപം കൊള്ളുന്നത്. 1968-ൽ മെഷിൻ ടൂൾ എന്ന നിഘണ്ടുവിന്റെ രചനയിലൂടെ തന്റെ പ്രബന്ധത്തിൽ ആവിഷ്കരിച്ച ആശയങ്ങളെ വോസ്റ്റർ ഉറപ്പിക്കുന്നു. ഇതേതുടർന്നാണ് സാങ്കേതികപദപഠനം

സവിശേഷവിജ്ഞാനശാഖയുടെ സൈദ്ധാന്തികനിലപാടുകൾ വികസിപ്പിച്ചെടുക്കുന്നത്. തുടർപഠനങ്ങളിൽ സാമൂഹികവിനിമയത്തിൽ നിർണ്ണായകമായി ഇടപെടുന്ന പഠനമേഖലയായി അത് മാറി (Cabre, 1998: 5-7).

ഓരോ ഭാഷയ്ക്കും വ്യത്യസ്തങ്ങളായ നിരവധി പ്രവർത്തനരംഗങ്ങളെ ആവിഷ്കരിക്കേണ്ടതുണ്ട്. പല വിഭാഗങ്ങളെയും ഒരുമിച്ച് ചേർത്ത് ആസൂത്രണപദ്ധതികൾ നടപ്പാക്കേണ്ടിവരും. സമൂഹം കൈകാര്യം ചെയ്യുന്ന ഓരോ മേഖല (domain) യ്ക്കനുസരിച്ച് അതിന്റെ രൂപീകരണത്തിൽ വ്യത്യാസങ്ങൾ ഉണ്ടാകും. വ്യത്യസ്ത മേഖലകളിൽ സ്വീകരിക്കുന്ന സാങ്കേതികപരമായ നയങ്ങൾ ഭാഷാസൂത്രണത്തിൽ പലനിലകളിൽ ഇടപെടുന്നുണ്ട്. സൗത്താഫ്രിക്ക പോലുള്ള കോളനിയനന്തര രാജ്യങ്ങളിലെ ബഹുഭാഷാ സാഹചര്യത്തിലെ ഭാഷാസൂത്രണത്തിൽ സാങ്കേതികപദപഠനങ്ങൾ നിർണ്ണായകമായി സ്വാധീനിക്കുന്നുണ്ട്. (Bassay. E.Antie, 2017, 468). അന്താരാഷ്ട്രവിനിമയം, വാണിജ്യബന്ധങ്ങൾ, ആഗോളവത്കരണം തുടങ്ങിയവയാണ് ലോകരാജ്യങ്ങളെ ഭാഷാസൂത്രണപ്രവർത്തനങ്ങളിലേയ്ക്ക് കൂടുതൽ ആകർഷിച്ചതിന്റെ പ്രധാന കാരണം. എന്നാൽ ആഫ്രിക്കയും ഇന്ത്യയും പോലുള്ള കോളനിയനന്തരരാജ്യങ്ങളിൽ കാര്യങ്ങൾ കുറേക്കൂടി വ്യത്യസ്തമായിരുന്നു. ദേശീയമായ ഒരവബോധം സൃഷ്ടിക്കുകയും അതിനോടൊപ്പം തദ്ദേശീയ ഭാഷയിലുള്ള വിദ്യാഭ്യാസത്തെ പരിപോഷിപ്പിക്കേണ്ട സാഹചര്യം സ്വതന്ത്ര്യാനന്തരകാലത്ത് രൂപപ്പെട്ടു. മാത്രമല്ല നിലനിൽക്കുന്ന ബഹുഭാഷാസാഹചര്യത്തെ സങ്കീർണ്ണമാക്കാതെ മുൻപോട്ട് പോകേണ്ടതും അത്യാവശ്യമായിത്തീർന്നു. ഈ സവിശേഷമായ സാഹചര്യത്തിൽ വിദ്യാഭ്യാസത്തിൽ ഊന്നുന്ന ഭാഷാസൂത്രണപ്രവർത്തനങ്ങൾക്കാണ് ഇത്തരം രാജ്യങ്ങൾ ഊന്നൽ നൽകിയത്.

വാണിജ്യം, സാങ്കേതികവിദ്യ, മാധ്യമം തുടങ്ങിയ മേഖലകളിലൊക്കെ ഭാഷാസൂത്രണ പദ്ധതികൾ സജീവമായി നടപ്പിലാക്കാൻ വികസിതരാജ്യങ്ങൾക്ക് കഴിയുന്നുണ്ട്. ഈ രാജ്യങ്ങളിലും വളരെ ആഴത്തിലുള്ള ആസൂത്രണപ്രവർത്തനങ്ങൾ നടന്നത് വിദ്യാഭ്യാസമേഖലയിലാണ്. വ്യത്യസ്ത സാമൂഹികവസ്ഥയിലുള്ള ആളുകളെ ഒരുമിച്ച് സംബോധന ചെയ്യാൻ കഴിയും എന്നതാണ് ഈ മേഖലയുടെ പ്രധാന മേന്മ. സ്റ്റേറ്റിന് നേരിട്ടുള്ള അധികാരം പ്രയോഗിക്കാൻ കഴിയുമെന്നതും വിദ്യാഭ്യാസത്തെ മുഖ്യ ഉപാധിയായി തിരഞ്ഞെടുക്കാൻ കാരണമായെന്ന് ഫർഗ്ഗുസൻ നിരീക്ഷിക്കുന്നു (2006: 33). അതുകൊണ്ടുതന്നെ വിദ്യാഭ്യാസത്തിലെ ഭാഷാസൂത്രണനിലപാടുകൾ വളരെ നിർണ്ണായകമാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. പ്രാദേശികഭാഷ പാഠ്യപദ്ധതിയുടെ

ഭാഗമാകുന്നതോടെ അതിന്റെ പദവി ഉയരുന്നു. ബോധന മാധ്യമം തിരഞ്ഞെടുക്കുന്നതിൽ വിദ്യാഭ്യാസപരമെന്നതിനേക്കാൾ രാഷ്ട്രീയവും സാംസ്കാരികവും ലക്ഷ്യങ്ങൾ ഉണ്ടാകാമെന്ന വസ്തുത ഇതിനോട് ചേർത്ത് വായിക്കേണ്ടതാണ്.

നിലനിൽക്കുന്ന ദേശീയതയ്ക്കും ദേശരാഷ്ട്രരൂപീകരണത്തിനുള്ള ഉപാധിയായി മാറുന്നിടത്തും ഭാഷാസൂത്രണം വ്യത്യസ്ത നിലപാടുകളാണ് സ്വീകരിക്കുന്നത്. (Wright, 2016: 46). ദേശീയഭാഷ നിലനിൽക്കുന്ന സ്റ്റേറ്റിന് അതിന്റെ ഔദ്യോഗികഭാഷയെ ശക്തിപ്പെടുത്തുകയാണ് ലക്ഷ്യമെങ്കിൽ ഏതാണ് രാഷ്ട്രഭാഷ എന്ന ചോദ്യമാണ് ദേശീയതാരൂപീകരണഘട്ടത്തിൽ നിർണ്ണായകമാകുന്നത്. (Ferguson, 2006:17). രണ്ടാമത് പറഞ്ഞ തരത്തിലുള്ള സംഘർഷമാണ് ഇന്ത്യയും ആഫ്രിക്കയും പോലുള്ള രാജ്യങ്ങളിൽ സംഭവിക്കുന്നത്. ഇന്ത്യയിലെ ഭാഷായനരൂപീകരണഘട്ടത്തിൽ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. ഇതോടൊപ്പം തന്നെ ഭാഷാസൂത്രണത്തിൽ വ്യക്തിപരമായ ധാരണകളും നിലപാടുകളും സജീവമായിത്തന്നെ ഇടപെടുന്നുണ്ട്. പലപ്പോഴും സർക്കാർ നടപടികളേക്കാൾ കാര്യക്ഷമമായി ആസൂത്രണത്തിൽ ഇടപെടാൻ വ്യക്തികൾക്ക് പലപ്പോഴും സാധ്യമാകും (Ferguson, 2006: 17).

ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയോടെ സജീവമായിത്തീർന്ന പഠനപദ്ധതിയാണ് ഭാഷാസൂത്രണം. ഭാഷയുടെ നിലനിൽപ്പിനും വളർച്ചയ്ക്കും വേണ്ടി ഗവൺമെന്റ് തലത്തിലും അല്ലാതെയും നടക്കുന്ന വിവിധ പ്രവർത്തനങ്ങളെയാണ് സാമാന്യമായി ഭാഷാസൂത്രണം എന്നു വിളിക്കുന്നത്. ഇത്തരത്തിലുള്ള ഇടപെടലുകൾക്കും നിലനിൽപ്പ്, വളർച്ച എന്നിവയ്ക്കും ലോകക്രമത്തിനുണ്ടായ മാറ്റത്തിനനുസരിച്ച് നിരന്തരം പരിവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്.[2] ഇത് ഭാഷാസൂത്രണത്തിന്റെ സൈദ്ധാന്തികമായ നിലപാടുകളിൽ വന്ന മാറ്റത്തെ സൂചിപ്പിക്കുന്നു. ഇത്തരം വസ്തുതകൾ കുറെക്കൂടി വിപുലമായ ചർച്ച ആവശ്യപ്പെടുന്നുണ്ട്. ഇവിടെ ഭാഷാസൂത്രണവും സാങ്കേതികപദങ്ങളും തമ്മിലുള്ള ബന്ധത്തെ വ്യക്തമാക്കുന്ന തരത്തിൽ പഠനം കൊണ്ടുപോകാനാണ് ശ്രമിക്കുന്നത്.

ഭാഷയുടെ ഘടനാപരമായ ആസൂത്രണത്തിൽ (Corpous Planning) മാത്രമാണ് ആദ്യകാലചിന്തകൾ ഊന്നിയതെങ്കിൽ പദവിപരവും (Status Planning) സമാർജ്ജനപരവുമായ ആസൂത്രണത്തെക്കുറിച്ചും (Acqusition Planning) കൂപ്പറിനെപ്പോലുള്ള ഭാഷാസൂത്രകർ വിശദീകരിക്കുന്നുണ്ട് (Cooper, 1989) ആസൂത്രണം ഭാഷയുടെ പുരോഗതിയും മാറ്റവും മാത്രം ലക്ഷ്യം വച്ചുകൊണ്ടുള്ള ഒന്നല്ല എന്ന ബോധ്യം ഇത്തരം ചിന്തകൾക്ക് പിന്നിലുണ്ട്.

ഭരണകൂടത്തിന്റെ മുൻപിൽ ഇതരഭാഷകൾക്ക് നേരെ പ്രയോഗിക്കാനുള്ള ആയുധമായി ഭാഷാസൂത്രണം മാറുന്ന സവിശേഷ സാഹചര്യത്തിൽ ഭാഷാസൂത്രണശ്രമങ്ങളെ അവ രൂപപ്പെട്ട സാഹചര്യത്തിൽ നിന്നുകൊണ്ടുതന്നെ വിലയിരുത്തേണ്ടതുണ്ട്. എന്നാൽ മാത്രമേ ആസൂത്രണസംരംഭങ്ങൾക്ക് പിന്നിലെ അധികാരപ്രയോഗങ്ങളെ മനസ്സിലാക്കാൻ കഴിയൂ.

സാങ്കേതികപദകോശനിർമ്മാണം പദവിതലാസൂത്രണത്തിന്റെ ഭാഗമാണെന്ന് സാമാന്യമായി പറയാം. എന്നാൽ ഭാഷാനയത്തെ രൂപപ്പെടുത്തുന്നതിൽ സാങ്കേതികപദങ്ങളുടെ രൂപീകരണം, ശേഖരണം, പ്രചാരണം എന്നിവ വളരെ നിർണ്ണായകമാണ്. പ്രത്യേകിച്ചും ഇന്ത്യയെപ്പോലെ വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളിൽ സാങ്കേതികപദസംബന്ധിയായ പ്രവർത്തനങ്ങളിലൂടെ സവിശേഷമായ പദക്കൂട്ടങ്ങൾ രൂപീകരിച്ചെടുക്കേണ്ടത് അത്യാവശ്യമാണ്. (Bassey, 2000: 15-16).

ഭാഷാവികസനത്തിന്റെ അടിസ്ഥാനഘടകങ്ങൾ എന്ന നിലയിൽ മാത്രമാണ് സാങ്കേതികപദങ്ങളെ പലപ്പോഴും മനസ്സിലാക്കുന്നത്. ആത്യന്തികമായി അത് ഏതൊരു മേഖലയിലെയും മനുഷ്യപ്രവർത്തനങ്ങളെ ആയാസരഹിതമാക്കുന്നു. മനുഷ്യൻ രൂപപ്പെടുത്തുന്ന അറിവിന് സമാന്തരമായ മാനസിക മാതൃകയെ ഏതെങ്കിലും തരത്തിലുള്ള രൂപമാതൃകകളിലൂടെ അവതരിപ്പിക്കുക മാത്രമാണ് പലപ്പോഴും സാങ്കേതികപദങ്ങൾ ചെയ്യുന്നത്. (Bassey, 2007:483). എന്നിരുന്നാൽ തന്നെയും സാങ്കേതികപദരൂപീകരണനയവും ഭാഷയും പരസ്പരം സ്വാധീനിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന നിലപാടുകളാണ്. (Nelida Chan, 2017: 489).

സവിശേഷമായ മനുഷ്യപ്രവർത്തനങ്ങളിലെ സങ്കൽപ്പനങ്ങളെ പ്രതിനിധാനം ചെയ്യുന്ന പദങ്ങളുടെ ക്രമാനുഗതമായ പഠനത്തെയാണ് വോസ്റ്റർ സാങ്കേതികപദപഠനം എന്ന് വിളിക്കുന്നത് (1999: 112). വ്യവസായവത്കരണത്തിന്റെയും ആഗോളവത്കരണത്തിന്റെയും സവിശേഷദശയിൽ വികസിതരാജ്യങ്ങളിലെയും അവികസിതരാജ്യങ്ങളിലെയും സാങ്കേതികപദരൂപീകരണനിലപാടുകളിൽ വ്യത്യാസങ്ങൾ കാണാം. എന്നിരുന്നാൽ തന്നെയും എല്ലാത്തരം ഭാഷാസൂത്രണപദ്ധതികൾക്കും സഹായകമാകുന്ന ഒന്നായി തന്നെ സാങ്കേതികപദങ്ങളെ മനസ്സിലാക്കാവുന്നതാണ്. സാങ്കേതികപദപഠനം എന്ന വിജ്ഞാന ശാഖയെ വിപുലീകരിക്കുന്നതിനേക്കാൾ ഭാഷാപൊതുപദകോശത്തിന്റെ പൊതുവിലുള്ള ആധുനികീകരണത്തിനാണ് ഭാഷാസൂത്രണത്തിന്റെ നിലപാടിൽ സാങ്കേതികപദങ്ങൾ ശ്രമിക്കുന്നത്.

ഭാഷാസൂത്രണത്തിന്റെ ഏതെങ്കിലുമൊരു ഘട്ടത്തിൽ മാത്രം ഇടപെടുന്ന ഒന്നല്ല സാങ്കേതിക പദങ്ങൾ. വ്യത്യസ്ത നിലകളിൽ ഭാഷാസൂത്രണത്തെ സ്വാധീനിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യാൻ സാങ്കേതികപദങ്ങൾക്ക് കഴിയും. ഘടനാതലാസൂത്രണത്തിൽ (Corpus Planning) സവിശേഷമായ സ്ഥാനം സാങ്കേതികപദങ്ങൾക്കുണ്ട്. ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേയ്ക്കുള്ള മാറ്റം വ്യക്തിക്ക് സ്വയം ചെയ്യാൻ കഴിയുകയില്ല. ഓരോ മേഖലയിലെയും സാങ്കേതികപദങ്ങൾക്കുണ്ടാകുന്ന മാറ്റത്തിലൂടെ ഇക്കാര്യം പൊതുജനത്തിന് വളരെ വേഗത്തിൽ മനസ്സിലാക്കാൻ കഴിയും.

ഭാഷയുടെ വളർച്ചയിൽ സാങ്കേതികപദങ്ങളുടെ കടമെടുപ്പ് വളരെ പ്രധാനപ്പെട്ട ഒന്നാണ്. എന്നാൽ ഭാഷയെ സമ്പന്നമാക്കാൻ അന്യഭാഷാപദങ്ങൾ ഉപയോഗിക്കാമെങ്കിലും അവ ഭാഷയ്ക്കുമേൽ പ്രവർത്തിക്കാൻ അനുവദിക്കരുത്. പ്രാദേശികമായ ഭാഷാസമ്പത്തിന് പരിമിതിയുണ്ടാകുമ്പോൾ മാത്രമാണ് ഇത്തരം കടമെടുപ്പ് നടത്തേണ്ടത്. സാങ്കേതികപദങ്ങളെ കടമെടുക്കുകയും സങ്കൽപ്പനങ്ങളെ ഓരോ ഭാഷയുടെ സാഹചര്യത്തിൽ ആവിഷ്ക്കരിക്കുകയുമാണ് ചെയ്യേണ്ടത്. പൊതുഭാഷയും (General Language) സവിശേഷഭാഷയും (LSP, Language for Special Purpose) തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നത് സാങ്കേതികപദങ്ങളിലൂടെയാണ്. സാങ്കേതികപദങ്ങളുടെ സാന്നിധ്യമാണ് വ്യവഹാരങ്ങളെ സവിശേഷമാക്കിത്തീർക്കുന്നത്. അക്കാദമികാന്വേഷണങ്ങളിൽ ഇത്തരം വേർതിരിവ് വളരെ വ്യക്തമാണ്.

ഭാഷാസൂത്രണത്തിൽ ആശയവിനിമയം സാധ്യമാക്കുന്ന ഘടകങ്ങൾ എന്ന നിലയിലും സാങ്കേതികപദങ്ങൾ പ്രവർത്തിക്കുന്നു. ആസൂത്രണപരമായ നിലപാടുകളെ സവിശേഷമായ സാങ്കേതികപദത്തിന്റെ ഉപയോഗത്തിലൂടെ ജനങ്ങളുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാൻ കഴിയും. സാമൂഹികവും ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ നിരവധി മാറ്റങ്ങളിലൂടെയാണ് ഓരോ ഭാഷയും കടന്നുപോകുന്നത്. ഇത്തരം മാറ്റങ്ങളെ പൊതു സമൂഹത്തെ അറിയിക്കാൻ സാങ്കേതികപദങ്ങൾ സഹായിക്കുന്നു. വ്യത്യസ്ത വിഭാഗങ്ങളെ തമ്മിൽ ഏകോപിപ്പിക്കാൻ സാങ്കേതികപദങ്ങൾ ഉപയോഗപ്പെടുന്നു. ഓരോ മേഖലയിലേയും പുതിയ അറിവുകളെ സാങ്കേതികപദങ്ങളിലൂടെ ആവിഷ്ക്കരിക്കുന്നു.

മാനകീകരിക്കപ്പെട്ട സാങ്കേതികപദങ്ങളുടെ പ്രയോഗത്തിലൂടെയും സാങ്കേതികപദപ്രവർത്തനങ്ങളുടെ വളർച്ചയെ അടയാളപ്പെടുത്തലിലൂടെയും ഓരോ ഭാഷയിലെ ആസൂത്രണത്തിന്റെ ശേഷിയെ വിലയിരുത്താൻ കഴിയും. ക്യൂബൻ ഭാഷാസാഹചര്യത്തെ മുൻനിറുത്തി സാങ്കേതികപദങ്ങൾ

ഭാഷാസൂത്രണത്തിൽ നിർണ്ണായകമായിത്തീരുന്നതെങ്ങനെയെന്ന് ജാക്വിസ് മോറിസ് വിശദീകരിക്കുന്നുണ്ട് (1993: 114-121). ഓരോ ഭാഷയുടെയും ആസൂത്രണത്തിന്റെ പ്രാഥമികതലം മുതൽ സാങ്കേതികപദങ്ങൾ നിർണ്ണായകമാണ്. ആസൂത്രണത്തിനുള്ള ഉപാധിയായും ഭാഷാനയരൂപീകരണത്തിലും ഒരുപോലെ ഇടപെടാൻ സാങ്കേതികപദങ്ങൾക്ക് കഴിയും. ഇന്ത്യയുടെ സവിശേഷപശ്ചാത്തലത്തിലും ഭാഷാസൂത്രണവും സാങ്കേതികപദങ്ങളും പരസ്പരപൂരകമായി നിലകൊള്ളുന്നുണ്ട്.

സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ഭാഷാനയത്തെ വ്യക്തമാക്കുന്ന നിയമങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് 1963 ലെ ഒഫീഷ്യൽ ലാംഗ്വേജ് ആക്റ്റ്. ഹിന്ദിയെ ഇന്ത്യിലെ ഔദ്യോഗിക ഭാഷയായി പ്രഖ്യാപിക്കുകയും തുടർന്നുള്ള പതിനഞ്ച് വർഷക്കാലം ഇംഗ്ലീഷ് ഉപയോഗിക്കാൻ അനുമതി നൽകുകയും ചെയ്യുന്ന നിയമമായിരുന്നു അത്. 1976-ലും 1987-ലും ഈ നിയമം ഭേദഗതി ചെയ്തെങ്കിലും ഇംഗ്ലീഷിന്റെ ഉപയോഗത്തെക്കുറിച്ച് പരാമർശങ്ങളൊന്നും നടത്തുന്നില്ല. 1968-ൽ നാഷണൽ പോളിസി റെസലൂഷനിലൂടെ ത്രിഭാഷാനയം നിലവിൽ വന്നു. പ്രാദേശികഭാഷകൾക്കൊപ്പം ഇംഗ്ലീഷിനും ഹിന്ദിക്കും പ്രാധാന്യം നൽകുന്നതായിരുന്നു ഇത്. ഈ നയം വ്യത്യസ്തതരത്തിലാണ് ഇന്ത്യയിലെ ഓരോ സംസ്ഥാനവും നടപ്പിലാക്കിയത്. 1986-ലെ ദേശീയ വിദ്യാഭ്യാസനയവും ഇതേ നയത്തെ പിൻതുടരുകയായിരുന്നു.

വിദേശഭരണകാലത്ത്തന്നെ വ്യത്യസ്ത നിലകളിൽ ഭാഷാസൂത്രണശ്രമങ്ങൾ ഭരണതലത്തിൽ തന്നെ നടക്കുന്നുണ്ട്.[3] സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഔദ്യോഗികഭാഷാനിയമവും ത്രിഭാഷാ പദ്ധതിയും ദേശീയവിദ്യാഭ്യാസനയവും ഇന്ത്യൻ ഭാഷാനയത്തെ നടപ്പിലാക്കാൻ വേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമായി ഉണ്ടായതാണ്. ഭാഷാനയം ലക്ഷ്യം വച്ചതുപോലെ പ്രാദേശികഭാഷകൾക്കും ഹിന്ദിക്കും പ്രാധാന്യം നൽകുന്ന രീതി വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞില്ല. തദ്ദേശീയഭാഷകളുടെ ഔദ്യോഗികമായ വികാസം പരാജയപ്പെട്ട രാജ്യമായിട്ടാണ് അണ്ണാമലൈ ഇന്ത്യയെ വിലയിരുത്തുന്നത്. (2001: 138-140). അതിന്റെ പ്രധാന കാരണം ഭാഷാപ്രയോഗതലങ്ങൾ കണ്ടെത്തുന്നതിന് മുൻപ് അതിന് വളർച്ചയുണ്ടാകണമെന്ന് ഇന്ത്യയിലെ ഭാഷാസൂത്രകരുടെ ചിന്തയാണ്. ഓരോ മേഖലയിലെയും സാങ്കേതികപദങ്ങളുടെ എണ്ണം ആ മേഖലയുടെയും അതിലൂടെ ഭാഷയുടെയും വളർച്ചയുടെ സൂചകങ്ങളാണ്. ഭാഷാപ്രായോഗികകതലം ശക്തിപ്പെടുത്തുന്നതിന് മുൻപ് തന്നെ സാങ്കേതികപദങ്ങൾ നിർമ്മിക്കുന്നതിന് ഇന്ത്യയിലെ ആസൂത്രകർ ശ്രമിച്ചു. മാത്രമല്ല ഈ

സാങ്കേതികപദങ്ങൾ ഇന്ത്യക്കാരിൽ അധികംപേർക്കും അപരിചിതമായ സംസ്കൃതഭാഷയ്ക്ക് ഊന്നൽ നൽകിയാണ് നിർമ്മിച്ചത് എന്നതും ഈ പരാജയത്തിന്റെ മുഖ്യ കാരണങ്ങളിൽ ഒന്നായിരുന്നു.

ഇത്തരം പ്രശ്നങ്ങൾ ദേശീയ ഭാഷാസൂത്രണത്തിൽ നിൽക്കുമ്പോൾ തന്നെ ഔദ്യോഗികമായ ഭാഷാസൂത്രണ പരിശ്രമങ്ങൾക്ക് മുൻപ് തദ്ദേശീയമായി നിരവധി ശ്രമങ്ങൾ ഭാഷാസൂത്രണത്തെ സംബന്ധിച്ചിടത്തോളം നടക്കുന്നുണ്ട്. ലീലാതിലകകാലം മുതൽ ഇങ്ങോട്ടുള്ള മലയാളഭാഷയുടെ ചരിത്രം തന്നെ ഇതിന് ഉത്തമോദാഹരണമാണ്. ഇന്ന് ഭാഷാസൂത്രണം എന്ന നിലയിൽ മനസ്സിലാക്കുന്ന തരത്തിൽ ഭാഷയെ രൂപപ്പെടുത്താനുള്ള ശ്രമങ്ങൾ മലയാളത്തിൽ ആരംഭിക്കുന്നത് മിഷണറിമാരുടെ വരവോടെയാണ്. വ്യാകരണകൃതികളും നിഘണ്ടുക്കളും പദകോശങ്ങളും പത്തൊൻപതാം നൂറ്റാണ്ടിന്റെ പകുതിയോടെ ധാരാളമായി ഉണ്ടാകാൻ തുടങ്ങി. സാങ്കേതികപദങ്ങളും അവയെക്കുറിച്ചുള്ള ആലോചനകളും മലയാളത്തിൽ അവശ്യചർച്ചയായി മാറുന്നത് നാട്ടുഭാഷാവിദ്യാഭ്യാസത്തിന്റെ ആരംഭത്തോടെയാണ്. മുൻപു സൂചിപ്പിച്ചതുപോലെ ഭാഷാസൂത്രണത്തിൽ വിദ്യാഭ്യാസം വളരെ പ്രധാനപ്പെട്ട മേഖലയാണ്. ഇന്ത്യയെ സംബന്ധിച്ച് സവിശേഷമായി കേരളത്തെ സംബന്ധിച്ച് ഭാഷാസൂത്രണപ്രവർത്തനങ്ങൾ വിദ്യാഭ്യാസത്തോട് ബന്ധപ്പെട്ട് മാത്രമാണ് ഉണ്ടായിട്ടുള്ളത് എന്ന് പറയാം. ബോധനമാധ്യമവും പാഠ്യ പദ്ധതിയും ഇന്നും ഭാഷാസൂത്രണത്തിന്റെ മുഖ്യവിഷയമാകുന്നതും അതുകൊണ്ടാണ്. മിഷണറിമാരുടെ സന്ദേശങ്ങൾ പ്രചരിപ്പിക്കാനുള്ള മാധ്യമം എന്ന നിലയിൽനിന്നും ബോധനമാധ്യമം എന്ന നിലയിലേയ്ക്ക് മലയാളം പതുക്കെ മാറുന്നത് പത്തൊൻപതാം നൂറ്റാണ്ടിലാണ്. ഇതിന്റെ ഭാഗമായാണ് 1818-ൽ ഒന്നാം പാഠപുസ്തക കമ്മിറ്റി രൂപീകരിക്കുന്നത്. നിലവിൽ ഈ കമ്മിറ്റി രൂപീകരിച്ച പുസ്തകങ്ങൾ ഒന്നും ലഭ്യമല്ല. (ശ്രീജിത്ത്, 2018: 20).

1867-ലെ പാഠപുസ്തകകമ്മിറ്റിയുടെ രൂപീകരണത്തോടെ ആധുനിക ശാസ്ത്രവിഷയങ്ങളിലുള്ള പാഠപുസ്തകങ്ങൾ മലയാളത്തിൽ അച്ചടിക്കാൻ തുടങ്ങി. അതിന് മുൻപുതന്നെ മിഷണറിമാർ മലയാളത്തിൽ വിഷയനിഷ്ഠകൃതികൾ രചിക്കാൻ ആരംഭിച്ചിരുന്നു. വിഷയനിഷ്ഠകൃതികൾ രചിക്കുന്നതിനൊപ്പം അതത് വിഷയങ്ങൾക്ക് വേണ്ടിയുള്ള സാങ്കേതികപദങ്ങൾ രൂപീകരിക്കാനുള്ള ശ്രമങ്ങളും മലയാളത്തിൽ നടക്കുന്നുണ്ട്. മൃഗചരിതം, ധനതത്വനിരൂപണം, ലോകചരിത്രശാസ്ത്രം തുടങ്ങിയ കൃതികൾ ഉദാഹരണം. ഈ കൃതികളെല്ലാം സാങ്കേതികാർത്ഥത്തിൽ പരമാവധി മലയാളവാക്കുകൾ

ഉപയോഗിക്കാനാണ് ശ്രമിക്കുന്നത്. എന്നാൽ പിന്നീടുണ്ടായ കൃതികൾ ഇംഗ്ലീഷിനെ അടിസ്ഥാനമായി നൽകി തർജ്ജമ എന്ന നിലയിൽ മലയാള സാങ്കേതികപദങ്ങളെ അവതരിപ്പിക്കാനാണ് ശ്രമിക്കുന്നത്. വ്യത്യസ്തങ്ങളായ ആധുനികവിഷയങ്ങളെ ആവിഷ്ക്കരിക്കാനുള്ള സജീവ ശ്രമങ്ങളാണിവ.

നവീനമായ ആശയങ്ങളെ ഉൾക്കൊള്ളാൻ ഭാഷയെ പര്യാപ്തമാക്കാൻ ശ്രമിക്കുമ്പോൾ ഉണ്ടാകുന്ന ആസൂത്രണപരമായ സംഘർഷങ്ങളാണ് സാങ്കേതികപദരൂപീകരണത്തെക്കുറിച്ചുള്ള ചർച്ചയിലും വിഷയനിഷ്ഠകൃതികളിലെയും പാഠപുസ്തകങ്ങളിലെയും സാങ്കേതികപദ തിരഞ്ഞെടുപ്പിലും കാണാൻ കഴിയുന്നത്. വിഷയനിഷ്ഠകൃതികളും പാഠപുസ്തകങ്ങളും വ്യത്യസ്ത ഭാഷാനിലപാടുകളിൽ[4] നിന്ന് സാങ്കേതികപദങ്ങളെ രൂപീകരിക്കുമ്പോൾ തന്നെ സാങ്കേതികപദരൂപീകരണത്തിന്റെ താത്വികതലത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുള്ള നിരവധി വ്യക്തികളുണ്ട്. മലയാളത്തിന്റെ ഭാഷാനയം രൂപപ്പെടുത്തുന്നതിൽ ഈ വ്യക്തികളുടെ പങ്ക് നിർണ്ണായകമാണ്. “എ.ആർ. രാജരാജവർമ്മ, പൈലോപോൾ ബി.എ, കെ.ആർ. കൃഷ്ണപിള്ള, എം. രാജരാജവർമ്മ, രാമവർമ്മ അപ്പൻ തമ്പുരാൻ, ഐ.സി. ചാക്കോ, കെ. രാമകൃഷ്ണപിള്ള, ടി.കെ. ജോസഫ്, എൽ.എ. രവിവർമ്മ, പി.എൻ. മൂസ്സത്, ഡോ. ഭാസ്കരൻനായർ എന്നിവർ സാങ്കേതികപദ തത്വരൂപീകരണത്തിൽ ശ്രദ്ധേയമായ ഇടപെടലുകൾ നടത്തിയ ആളുകളാണ്. ഭാഷയുടെ ആധുനികീകരണം എന്നതായിരുന്നു ഇവരുടെയെല്ലാം പ്രവർത്തനങ്ങളുടെ അടിസ്ഥാനലക്ഷ്യം.” (സീന ജോൺ 2019:122)[5].

സാങ്കേതികപദരൂപീകരണതത്വങ്ങളിൽ ഇവരാരും ഏകീകൃതമായ നിലപാടല്ല സ്വീകരിച്ചത്. മലയാളഭാഷയെ സാങ്കേതികമായി ബലപ്പെടുത്തുന്നതിനുള്ള പല നിലപാടുകൾ ഇവിടെ കാണാൻ കഴിയും. ഭാസ്കരൻനായർ, പി.എൻ.മൂസ്സത് തുടങ്ങിയവരൊഴിച്ചാൽ മറ്റുള്ളവരെല്ലാം തന്നെ ഏ.ആറിന്റെ സാങ്കേതിക പദാവലി കമ്മീഷനുവേണ്ടി പ്രവർത്തിച്ചവരാണ്. എങ്കിൽപ്പോലും സാങ്കേതികപദരൂപീകരണത്തിൽ വ്യത്യസ്ത നിലപാടുകളാണ് ഇവർക്കുണ്ടായിരുന്നത്.

ഒന്നും രണ്ടും പാഠപുസ്തക കമ്മറ്റികളും മദിരാശി-തിരുവിതാംകൂർ സർവ്വകലാശാലകൾ പുറത്തിറക്കിയ പദാവലികളും മാത്രമാണ് ഔദ്യോഗികതലത്തിൽ സാങ്കേതികപദ രൂപീകരണത്തിനു വേണ്ടി നടത്തിയ ശ്രമങ്ങൾ. ഇതിനേക്കാൾ വിപുലമായ തലത്തിലാണ് വ്യക്തികളും വിവിധ സംഘടനകളും സാങ്കേതികപദ നിർമ്മാണത്തിലും നടത്തിയ പരിശ്രമങ്ങൾ.

അതുകൊണ്ടുതന്നെ അനൗദ്യോഗിക തലത്തിലാണ് ഈ ഘട്ടത്തിൽ ഭാഷാസൂത്രണ ശ്രമങ്ങൾ നടന്നത് എന്ന് പറയാം. 1914-ൽ പ്രവർത്തനമാരംഭിച്ച കൊച്ചി ഭാഷാപരിഷ്കരണ കമ്മിറ്റി മുതൽ 1962-ൽ സ്ഥാപിതമായ ശാസ്ത്രസാഹിത്യപരിഷത്ത് വരെയുള്ള നിരവധി സംഘടനകൾ അനൗദ്യോഗികമായി സാങ്കേതികപദരൂപീകരണ ചർച്ചകളിൽ സജീവമായിരുന്നു.

ഇക്കാലഘട്ടത്തിൽ രൂപീകരിച്ച സാങ്കേതികപദങ്ങളെ അവയുടെ ഭാഷാസ്വഭാവത്തെ മുൻനിറുത്തി മലയാളപദങ്ങൾ ഇതരഭാഷാപദങ്ങൾ, പുതുപദസൃഷ്ടികൾ (സീന ജോൺ, 2019:134) എന്നിങ്ങനെ മൂന്നായി തരം തിരിക്കാം. ഏകദേശം ഒരു നൂറ്റാണ്ടിലധികം നീണ്ടുനിന്ന സാങ്കേതികപദപരമായ അനിശ്ചിതത്വങ്ങൾക്ക് അവസാനമാകുന്നത് 1968-ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതോടെയാണ്. ഇതിന്റെ ഭാഗമായി സാങ്കേതികപദരൂപീകരണത്തിന് ഏകീകൃതമായ സ്വഭാവമുണ്ടായി. അതുവരെയും പ്രാദേശിക ഭാഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ സാങ്കേതികപദരൂപീകരണശ്രമങ്ങൾ സംസ്കൃതകേന്ദ്രിതത്വത്തിലേക്ക് ഊന്നുന്നതാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദാവലികളിൽ കാണാൻ കഴിയുന്നത്. മലയാള പദങ്ങൾ, ഇതര ഭാഷാ പദങ്ങൾ, പുതു പദങ്ങൾ എന്നിങ്ങനെ സാങ്കേതികപദങ്ങളെ വേർതിരിക്കുമ്പോൾ 90% വും ഇതരഭാഷാപദങ്ങളായി മാറുകയാണ് ചെയ്തത്. ദേശീയഭാഷായനയത്തിന്റെ രൂപീകരണം പ്രാദേശിക ഭാഷകൾക്കുണ്ടായ ഉണർവിനെ ഇല്ലായ്മ ചെയ്യുന്ന അവസ്ഥയാണ് ഇന്ത്യയിൽ തുടർന്നുണ്ടായത്. മലയാളത്തിനനുഗുണമായുണ്ടായ ആസൂത്രണശ്രമങ്ങളെ മറ്റൊരു നിലപാടിലേക്ക് ഉടച്ചുവാർക്കാനാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിശ്രമങ്ങൾ കാരണമായത്. തുടർചർച്ചകളിലൂടെ ഇത്തരം സാങ്കേതിക പദങ്ങൾ മലയാള ഭാഷയ്ക്ക് യോജിക്കുന്ന തരത്തിലേയ്ക്ക് മാറി വരും എന്ന പ്രതീക്ഷ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായ എൻ.വി.കൃഷ്ണവാരിയർ പ്രകടിപ്പിക്കുന്നുണ്ട്. (1994:XII).

എന്നാൽ ഉന്നതവിദ്യാഭ്യാസം എന്നല്ല പ്രാഥമികവിദ്യാഭ്യാസത്തിന്റെ തന്നെ മാധ്യമം മിക്കയിടങ്ങളിലും ഇംഗ്ലീഷായി മാറുകയാണ് ചെയ്തത്. അതോടുകൂടി വൈജ്ഞാനികവിഷയങ്ങൾ മലയാളത്തിൽ വിനിമയം ചെയ്യേണ്ട ആവശ്യകത ഇല്ലാതായി. ഇതര ലോകരാജ്യങ്ങളെപ്പോലെ വാണിജ്യ ബന്ധങ്ങൾക്കും അന്താരാഷ്ട്ര വിനിമയങ്ങൾക്കും വേണ്ടി ഭാഷകളെ ശക്തിപ്പെടുത്തേണ്ട സാഹചര്യം ഇന്ത്യൻ ഭാഷകൾക്കില്ലാത്തതിനാൽ ബോധനമാധ്യമം എന്ന പദവി നഷ്ടപ്പെടുന്നതോടുകൂടി വൈജ്ഞാനിക

ശോഷണം എന്ന അവസ്ഥയിലേയ്ക്ക് ഇന്ത്യയിലെ പ്രാദേശികഭാഷകൾ എത്തിച്ചേർന്നു. പ്രാദേശികഭാഷകളും അതിനൊപ്പം ഇംഗ്ലീഷും ഹിന്ദിയും എന്ന ത്രിഭാഷാനയം അതിന്റെ ആസൂത്രണ തലത്തിൽ പരാജയപ്പെടുകയും പ്രാദേശികഭാഷകൾക്ക് ശോഷണം സംഭവിക്കുകയും ചെയ്യുന്ന ഭാഷാ സാഹചര്യമാണ് ഇന്ന് ഇന്ത്യയിൽ നിലനിൽക്കുന്നത്.

പ്രാദേശികഭാഷകളുടെ പഠനവും അതിന്റെ വളർച്ചയും പലപ്പോഴും ഭാഷാപഠിതാവിന്റെ മാത്രം ചുമതലയായി. ഇന്ത്യയേക്കാൾ വളരെ വൈകി സ്വാതന്ത്ര്യം ലഭിക്കുകയും അതിനെക്കാൾ സങ്കീർണ്ണമായ ഭാഷാസാഹചര്യം ഉള്ള രാജ്യമാണ് സൗത്ത് ആഫ്രിക്ക. വളരെ സജീവമായ ആസൂത്രണ പദ്ധതികൾ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ രൂപീകരിക്കുമ്പോഴും പ്രാദേശിക ഭാഷാ നയവും സാങ്കേതിക പദ രൂപീകരണത്തിനുള്ള ശ്രമങ്ങളും ഇവിടെയും പരാജയപ്പെടുന്നുണ്ട്. ഭാഷകളുടെ മൂല്യത്തെക്കുറിച്ചുള്ള താരതമ്യമാണ് ഇതിന്റെ പ്രധാന കാരണമെന്ന് ബോർദ്യുവിന്റെ മൂല്യം(market) എന്ന സങ്കല്പത്തെ മുൻനിറുത്തി ആഫ്രിക്കൻ സാങ്കേതികപദ പഠിതാവായ ബാസി.ഇ. അന്റിയ വിശദീകരിക്കുന്നുണ്ട്. (Bourdieu 1977,651-654 cited by Bassey E Antia, 2017:476). ദൈവത്തിനും ഭാഷാപഠിതാവിനും മുൻപിൽ മാത്രമാണ് ഭാഷയ്ക്ക് തുല്യതയുള്ളതെന്നും സാമൂഹികായി ഓരോ ഭാഷയുടെയും പദവി വ്യത്യസ്തമാണെന്നും ബോർദ്യ ഓർമ്മിപ്പിക്കുന്നു. (1977, 652, cited by Bassey, 2017:476). പരീക്ഷയുടെ മാധ്യമവും അതിനുശേഷമുള്ള തൊഴിലിനുള്ള മാധ്യമവും ഇതരഭാഷയിലായിരിക്കെ എന്ത് മേന്മയാണ് മാതൃഭാഷാ വിദ്യാഭ്യാസം നൽകുന്നതെന്ന ചോദ്യം ആഫ്രിക്കൻ ഭാഷാസൂത്രണത്തെ പിന്നോട്ട് നയിക്കുന്ന ഒന്നാണെന്ന് കാണാം. (2017:476). വംശീയതയുടെ വേർതിരിവുകൾ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലും പ്രകടമാകുന്ന ആഫ്രിക്കൻ അന്തരീക്ഷത്തിൽ അധികാരബന്ധങ്ങളിലുണ്ടാകുന്ന മാറ്റങ്ങളിലൂടെയല്ലാതെ ഭാഷാസൂത്രണം വിജയകരമായി നടപ്പിലാക്കാൻ കഴിയില്ല. എന്നാൽ അവിടെ ഇത്തരം ഭാഷകളെ ഔദ്യോഗികഭാഷകളായി അംഗീകരിക്കുന്നുണ്ട്. ഈ ഭാഷകളിൽ നിന്ന് ബോധനമാധ്യമം തിരഞ്ഞെടുക്കാനുള്ള അധികാരം യൂണിവേഴ്സിറ്റികൾക്കുണ്ട്. മാത്രമല്ല മാതൃഭാഷാ ബോധനമാധ്യമല്ലാത്ത വിദ്യാർത്ഥിക്ക് മറ്റ് ഭാഷകളിൽ സാങ്കേതികപദബാങ്കുകൾ നൽകുന്നു. കേപ് ടൗൺ യൂണിവേഴ്സിറ്റിയും സെറ്റലൺ ബോർഡ് യൂണിവേഴ്സിറ്റിയും ഇത്തരത്തിൽ സാങ്കേതികപദ ബാങ്കുകൾ വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ട്. (Bassey 2017:474).

പ്രാദേശികഭാഷാവിദ്യാഭ്യാസം വിപണിമൂല്യവും ബഹുഭാഷാകളുടെ സാന്നിധ്യവും നിമിത്തം നിരന്തരം തഴയപ്പെട്ടുമ്പോൾ ആഫ്രിക്കൻസർവ്വകലാശാലകൾ മൂന്നുഭാഷകളിലെങ്കിലും സാങ്കേതികപദബാങ്കുകൾ ഒരുക്കുന്നു. കൂടാതെ നാഷണൽ ലാംഗ്വേജ് സർവീസ് അതിന്റെ വെബ്സൈറ്റിൽ വിവിധ മേഖലകളിലെ സാങ്കേതിക പദങ്ങൾ പതിനൊന്ന് ഔദ്യോഗികഭാഷകളിലും നൽകുന്നു. (2017:71). ഇങ്ങനെ വളരെ പതുക്കെയാണെങ്കിലും പ്രാദേശിക ഭാഷകളെ ജനങ്ങളുടെ പരിചിതസീമയിലേയ്ക്ക് കൊണ്ടുവരാനാണ് സൗത്ത് ആഫ്രിക്കയിലെ ഭാഷാസൂത്രണവും സാങ്കേതികപദസമിതികളും ശ്രമിക്കുന്നത്. മൂല്യത്തെക്കുറിച്ച് സംശയജനകമായ അവസ്ഥയുണ്ടായിരിക്കുമ്പോൾത്തന്നെ വ്യക്തമായ ആസൂത്രണത്തിലൂടെ ഭാഷയ്ക്കനുയോജ്യമായ സാഹചര്യം രൂപപ്പെടുത്തിയെടുക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

ദേശീയതലത്തിൽ പ്രാദേശികഭാഷകൾക്ക് ഊന്നൽ കൊടുക്കുന്ന നയം രൂപീകരിച്ചെങ്കിലും (National Policy Resolution 1968) ശരിയായ ആസൂത്രണത്തിലൂടെ അവയെ സ്ഥാപിച്ചെടുക്കാൻ ഇന്ത്യക്ക് കഴിഞ്ഞില്ല. മാത്രമല്ല, കേന്ദ്ര ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സംസ്കൃത കേന്ദ്രിതമായ ഭാഷാനയം (വൈജ്ഞാനിക-സാങ്കേതികപദാവലി കമ്മീഷൻ) ഇന്ത്യൻ ഭാഷകൾക്ക് പകരം ഇംഗ്ലീഷിനെ തന്നെ ആശ്രയിക്കാൻ പ്രേരിപ്പിക്കുന്ന സാഹചര്യം ഇന്ത്യയിലുണ്ടാക്കി. പതിനഞ്ച് വർഷം മാത്രം ഇംഗ്ലീഷിന് പ്രാധാന്യം നൽകുന്ന ദേശീയ ഔദ്യോഗിക ഭാഷാനിയമത്തിന് എഴുപത് വർഷങ്ങൾക്ക് ശേഷവും യാതൊരു മാറ്റവും സംഭവിച്ചിട്ടില്ല. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പദാവലികൾപോലും ഗവേഷകർക്ക് ലഭ്യമല്ലാത്ത അവസ്ഥയാണുള്ളത്.

മലയാളത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാനതലത്തിൽ ഭാഷാനുകൂലനിലപാടുകൾ ഉണ്ടാകുന്നില്ല. എന്നു മാത്രമല്ല മാതൃഭാഷാവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി നിരന്തരമായ സമരങ്ങൾ ചെയ്യേണ്ട സാഹചര്യമാണ് നിലവിലുള്ളത്. 1982 മുതൽ നിരവധി സംഘടനകൾ ഈയൊരാവശ്യത്തിനുവേണ്ടി രൂപീകരിക്കപ്പെട്ടു. തുടർന്ന് മാതൃഭാഷാവകാശങ്ങൾ സ്ഥാപിച്ചെടുക്കുന്നതിന് നിരവധി സമരങ്ങളും ആവശ്യമായി വന്നു(പവിത്രൻ, 2014:263-270). മാതൃഭാഷാവിദ്യാഭ്യാസം നിർബന്ധമാക്കുകപോലുള്ള അടിസ്ഥാന ഭാഷാസൂത്രണപദ്ധതികൾ പോലും കേരളത്തിൽ നടപ്പിൽ വരുത്താൻ സാധിക്കുന്നില്ല. ആഗോളവളർച്ചാനിരക്കിലും മാനവിക വികസനത്തിന്റെ കാര്യത്തിലും അധിനിവേശഭാഷാഭരണം ഇന്ത്യയെ പുറകോട്ട് നടത്തുമ്പോൾ വികസനം ഇംഗ്ലീഷുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന മൂഢ

ധാരണയിൽ അഭിരമിക്കുകയാണ് ഇന്ത്യ (കെ. സേതുരാമൻ, 2011: 212-13). ബോധപൂർവ്വമായ ആസൂത്രണ ശ്രമങ്ങളിലൂടെ പ്രാദേശികഭാഷകളെ ശക്തിപ്പെടുത്തേണ്ടത് ഇന്ത്യ പോലുള്ള രാജ്യങ്ങളുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. ഭാഷ നിരന്തരം വളർന്നുകൊണ്ടിരിക്കുന്ന ജൈവിക പ്രതിഭാസമല്ല. ഭാഷ വിനിമയം ചെയ്യുന്ന ആളുകളുടെ വൈജ്ഞാനിക വിനിമയ ശേഷിയാണ് ഓരോ ഭാഷയുടെയും വളർച്ചയ്ക്ക് കാരണമാകുന്നത്. ഈയൊരു ബോധ്യമാണ് മലയാള ഭാഷാസൂത്രണത്തിന്റെ അടിസ്ഥാനമായിത്തീരേണ്ടത്.

## അടിക്കുറിപ്പ്

1. ലീലാതിലകത്തിലെ ഭാഷാചർച്ചകൾ, 1817-ലെ ഒന്നാം പാഠപുസ്തകകമ്മിറ്റി, 1863-ലെ രണ്ടാംപാഠപുസ്തകകമ്മിറ്റി തുടങ്ങിയവ ആദ്യകാല ഭാഷാസൂത്രണ ശ്രമങ്ങളുടെ ഭാഗമാണ്
2. Robert LCooper, 1989,Gibson Ferguson, . 2006, SueWright, .2016
3. Meiringer, Julia. 2009 'Language Planning in India: The Influence of English on the Educational System and the Media.' University of Vienna.
4. ഇവയിൽ ചിലത് സംസ്കൃത, ഇംഗ്ലീഷ് വാക്കുകളെത്തന്നെ സാങ്കേതികപദങ്ങളായി ഉപയോഗിച്ചു.തനി മലയാളവാക്കുകൾ, തമിഴ്പദങ്ങൾ, വിവിധ ഭാഷകളിൽ നിന്ന് തർജ്ജമചെയ്തുപയോഗിക്കുന്ന പദങ്ങൾ, മിശ്രഭാഷാപദങ്ങൾ എന്നിങ്ങനെ വ്യത്യസ്തരീതികൾ സാങ്കേതികപദരൂപീകരണത്തിൽ കാണാം
5. സാങ്കേതികപദതത്വങ്ങളിലെ ഈ വ്യക്തികളുടെ സംഭാവനകൾ മലയാള ഭാഷാപഠനങ്ങളിലെ സാങ്കേതികപദങ്ങൾ വിമർശന പഠനം എന്ന പ്രബന്ധത്തിൽ ചർച്ച ചെയ്യുന്നുണ്ട്.

## ഗ്രന്ഥസൂചി

1. ജോർജ്ജ് സി.ജെ., 2020, ഇംഗ്ലീഷാവിഷ്ടയായ മലയാളം, കേരള സൊസൈറ്റി ഫോർ ലിംഗ്വിസ്റ്റിക് റിസർച്ച്.
2. ജോസഫ് സ്കറിയ, 2016, ഭാഷയുടെ വർത്തമാനം , സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം.
3. പവിത്രൻ പി., 2014, മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരം, മലയാള ഐക്യവേദി.
4. വേദബന്ധു, 2004, യാസ്കമുനിയുടെ നിരുക്തോപക്രമം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. വാസുക്കുട്ടൻ കെ.എ., 1991, ആധുനികശാസ്ത്രവിഷയങ്ങളുടെ പ്രതിപാദനം മലയാളത്തിൽ: ശാസ്ത്രസാങ്കേതിക പദാവലികൾ നിർമ്മിക്കാനുള്ള പരിശ്രമങ്ങളുടെ

ചരിത്രപരവും വിവരണാത്മകവും വിമർശനാത്മകവുമായ പഠനം, അപ്രകാശിത ഗവേഷണ പ്രബന്ധം, കേരള സർവ്വകലാശാല, തിരുവനന്തപുരം

6. ശ്രീജിത്ത്, 2018, ഒരുവട്ടംകൂടി എന്റെ പാഠപുസ്തകം, ഡി.സി.ബുക്സ്, കോട്ടയം

7. സീന ജോൺ, 2019, മലയാളഭാഷാപഠനങ്ങളിലെ സാങ്കേതികപദങ്ങൾ : വിമർശനപഠനം, അപ്രകാശിത ഗവേഷണ പ്രബന്ധം, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

8. സേതുരാമൻ.കെ, 2013, മലയാളത്തിന്റെ ഭാവി ഭാഷാസൂത്രണവും മാനവവികസനവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

9. Annamalai, E. 2001.Managing Multilingualism in India: Political and Linguistic Manifestations. Sage,

10. Cabre, M. Teresa. 1999.Terminology: Theory, Methods and Applications. Edited by Juan C. Sager, Translated by Janet Ann DeCesaris, John Benjamins Publishing Company,

11. Cooper, Robert L.,1989. et al. Language Planning and Social Change. Cambridge University Press,

12. Ferguson, Gibson. 2006.Language Planning and Education. Edinburgh University Press,

13. Kockaert, Hendrik J., and Frieda Steurs. 2015.Handbook of Terminology: Vol. 1. J. Benjamins,

14. Meiringer, Julia. 2009'Language Planning in India: The Influence of English on the Educational System and the Media.' University of Vienna.

15. Sonneveld, Helmi B., and Kurt L. Loening. 1993.Terminology: Applications in Interdisciplinary Communication. John Benjamins Publishing,

16. 16. Sylvine. 'Revisiting The Language Policy Of India.' IPleaders, 24 June 2016, https://blog.ipleaders.in/revisiting-language-policy-india/.

17. Wright, Sue.2016, 'Language Policy and Language Planning: From Nationalism to Globalisation. 2nd Edn.Hampshire: Palgrave Macmillan, . Pp. Vii, 385. Pb. €29.99.' Language in Society, vol. 48, no. 2, Cambridge University Press, Apr. 2019, pp. 309–12. Cambridge University Press, doi:10.1017/S0047404518001380.

18. Sonneveld, Helmi B., and Kurt L. Loening. 1993 Terminology: Applications in Interdisciplinary Communication. John Benjamins Publishing,

19. Sylvine. 'Revisiting The Language Policy of India.' IPleaders, 24 June 2016,

https://blog.ipleaders.in/revisiting-language-policy-india
http://hksanthosh.blogspot.com/2009/04/blog-post_18.html
https://shijualex.in/.

*sjohn601@gmail.com*